ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പള്ളാത്തുരുത്തി പോലീസ് ഔട്ട് പോസ്റ്റ് സ്ഥിതി ചെയ്യുന്ന ഭൂമിയിൽനിന്നും 5 സെന്റ് സ്ഥലം പൊതുമരാമത്ത് വകുപ്പിനു കൈമാറുന്നതിന് ആഭ്യന്തര വകുപ്പ് അനുമതി നൽകിക്കഴിഞ്ഞു. റവന്യൂ വകുപ്പ് തുടർ നടപടി സ്വീകരിച്ചുവരുന്നു.

പോലീസ് സർവ്വകലാശാല

191 (3824) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സർവ്വകലാശാല സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പോലീസ് സർവ്വകലാശാല ബിൽ സംബന്ധിച്ച കരടുരൂപം തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പോലീസ് സയൻസിലും ആഭ്യന്തര സുരക്ഷയിലും ഉന്നത വിദ്യാഭ്യാസ സൗകര്യമൊരുക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-ഡി) നാഷണൽ യൂണിവേഴ്സിറ്റി ഫോർ പോലീസ് സയൻസ് & സെക്യൂരിറ്റി സ്റ്റഡീസ് എന്ന പേരിൽ ഒരു യൂണിവേഴ്സിറ്റി തുടങ്ങുന്നത് സംബന്ധിച്ച് ശ്രീ. എൻ. ആർ. മാധവ മേനോൻ ചെയർമാനായുള്ള കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

പോലീസ് സ്റ്റേഷനുകളിലെ മൂന്നാംമുറ

192 (3825) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം എത്ര പേർ പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറയ്ക്ക് വിധേയരായിട്ടുണ്ട് ; ഇരയായവരുടെ വിശദാംശങ്ങൾ സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ പോലീസ് സ്റ്റേഷനുകളിൽ മൂന്നാം മുറയ്ക്ക് വിധേയരായിട്ടുണ്ട് ; ഇരയായവരുടെ വിശദാംശങ്ങൾ സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ ;

(സി) എത്ര രാഷ്ട്രീയ പാർട്ടി പ്രവർത്തകർ പോലീസ് സ്റ്റേഷനുകളിൽ മൂന്നാം മുറയ്ക്ക് വിധേയരായിട്ടുണ്ട് ; രാഷ്ട്രീയ ബന്ധം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) മൂന്നാം മുറയുമായി ബന്ധപ്പെട്ട് എത്ര പോലീസുകാരുടെ പേരിൽ സർക്കാർ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; പേര്, ഔദ്യോഗിക നാമം, ശിക്ഷാ നടപടി എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സ്റ്റേഷൻ തിരിച്ച് വിശദമാക്കുമോ ;

(ഇ) മൂന്നാം മുറയെ തുടർന്ന് എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട് ; സ്റ്റേഷൻ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) മൂന്നാം മുറയെ തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട് ; സ്റ്റേഷൻ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) രാഷ്ട്രീയ പാർട്ടി പ്രവർത്തകർ ആരും തന്നെ പോലീസ്സ്റ്റേഷനുകളിൽ മൂന്നാം മുറയ്ക്ക് വിധേയരായിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ആരും കൊല്ലപ്പെട്ടിട്ടില്ല.

(എഫ്) ആരും ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പോലീസ് കോൺസ്റ്റബിൾ (ഡ്രൈവർമാരുടെ) തസ്തികകൾ

193 (3826) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പോലീസ് കോൺസ്റ്റബിൾ (ഡ്രൈവർമാരുടെ) എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

2585 തസ്തികകൾ.

LIBRARY ARCHIVES Kerala Legislative Assembly